"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, സ്വന്തമായി വാഹനമില്ലാതെ മറ്റ് ഉടമകളുടെ കീഴിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് സ്വന്തം വാഹനം വാങ്ങുന്നതിനുമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് വിഭാവനം ചെയ്യുന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.289/2026/LBR തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-
1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 03/11/2025-ലെ 443-ാമത് യോഗതീരുമാനം.
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/11/2025, 18/02/2026 തീയതികളിലെ KMTCEO/2087/G4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ, 20 കോടി രൂപ നിക്ഷേപത്തിൽ, പൊതുമേഖലാ ബാങ്കുമായി സഹകരിച്ചുകൊണ്ട് 500-ൽ കുറയാത്ത വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, സ്വന്തമായി വാഹനമില്ലാതെ മറ്റ് ഉടമകളുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സ്വന്തം വാഹനം വാങ്ങുന്നതിനുമായി ഒരു പദ്ധതി നടപ്പാക്കുന്നതിന് പരാമർശം (1)-ലെ ബോർഡ് യോഗം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം അനുമതിയ്ക്കായി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, സ്വന്തമായി വാഹനമില്ലാതെ മറ്റ് ഉടമകളുടെ കീഴിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് സ്വന്തം വാഹനം വാങ്ങുന്നതിനുമായി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് വിഭാവനം ചെയ്യുന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിന്, താഴെ പറയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ ശിപാർശ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ബോർഡിന് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വായ്പ ലഭിക്കുവാനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ, വായ്പയുടെ ഈട്, തിരിച്ചടവ്, വായ്പ കൃത്യമായി

തിരിച്ചടയ്ക്കാതിരുന്നാലുള്ള നടപടികൾ.

2. വായ്പയുടെ ലീൻ, ബോർഡ് നിക്ഷേപത്തിലേക്ക് വരില്ല എന്നുള്ള വ്യവസ്ഥ, ബാങ്കുമായുള്ള സമ്മതപത്രത്തിൽ വ്യവസ്ഥയായി ഉൾക്കൊള്ളിക്കണമെന്ന നിബന്ധന.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17/02/2026-ലെ 3390894/LBR-2/18/2026-FIN കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Abhilash R P
Date: 26-02-2026 16:18:34
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്